LIBRARY ARCHIVES Kerala Legislative Assembly

മലപ്പുറം ജില്ലയിലെ ആശുപത്രികളിൽ ഗ്രേഡ്-2 അറ്റൻഡർമാരുടെ ഒഴിവുകൾ

134 [2570] *ശ്രീ. ഇസ്ഹാക് കുരിക്കൾ:*

,, *നാലകത്ത് സൂപ്പി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ ആശുപത്രികളിൽ ഗ്രേഡ്-2 അറ്റൻഡർമാരുടെ ഒഴിവുകളുണ്ടോ;

(ബി) എങ്കിൽ എത്രയെന്നും എവിടെയെല്ലാമാണെന്നും വ്യക്തമാക്കാമോ;

(സി) ഈ ഒഴിവുകൾ നികത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ കാരണം വെളിപ്പെടുത്തുമോ;

(ഇ) ഈ ഒഴിവുകൾ എന്നത്തേക്ക് നികത്തുമെന്ന് അറിയിക്കാമോ?

ഉത്തരം

(എ) ഒഴിവുകളുണ്ട്.

(ബി) 156 ഒഴിവുകൾ നിലവിലുണ്ട്. സ്ഥാപനം തിരിച്ചുള്ള ഒഴിവുകളുടെ എണ്ണം അനുബന്ധമായി ചേർത്തിരിക്കുന്നു.†

(സി) & (ഡി) പാർട്ട് ടൈം ഉദ്യോഗക്കയറ്റം നൽകിയാണ് രണ്ടാം ഗ്രേഡ് അറ്റൻഡർമാരെ നിയമിക്കുന്നത്. ഇപ്രകാരം ഉദ്യോഗക്കയറ്റം നൽകാനാവശ്യമായ പാർട്ട് ടൈം സ്വീപ്പർമാരുടെ 62 തസ്തികകൾ 27-6-2005-ലെ ജില്ലാ മെഡിക്കൽ ആഫീസറുടെ ഉത്തരവ് പ്രകാരമാണ് നികത്തിയത്. ഇവരിൽ നിന്നും അർഹരായവർക്ക് ഉദ്യോഗക്കയറ്റം നൽകുന്നതാണ്. സർക്കാരിന്റെ 31-5-2005-ലെ 56778/എഫ്2/05-1ം നമ്പർ കത്ത് പ്രകാരം നിലവിലുള്ള രണ്ടാം ഗ്രേഡ് അറ്റൻഡർമാരുടെ ഒഴിവുകളുടെ 50% നേരിട്ട് നികത്താൻ വേണ്ട നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഇ) കഴിയുന്നതും വേഗം നികത്തുന്നതാണ്.

പാലക്കാട് ജില്ലയിൽ ഫാർമസിസ്റ്റുകളുടെ ഒഴിവുകൾ

135 [2571] *ശ്രീ. വി. സി. കബീർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ ഫാർമസിസ്റ്റ് തസ്തികയുടെ പി. എസ്. സി. റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ;

(ബി) എങ്കിൽ ഈ ലിസ്റ്റിൽ നിന്നും ഇതുവരെ എത്രപേരെ നിയമിച്ചു;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.